അവസരത്തിൽ വീണ്ടും അത് ഇഷ്യൂ ചെയ്തതിനെക്കുറിച്ച് ഹൈക്കോടതി പറഞ്ഞിരിക്കുന്നത് Colourable exercise of emergency powers by the Governor and it is ultra-vires of the constitution എന്നാണ്. ഇങ്ങനെ റീ-ഇഷ്യൂ ചെയ്യുന്നത് ഭരണഘടനാ ലംഘനമാണ്. ആറും ഏഴും പ്രാവശ്യം ഇഷ്യൂ ചെയ്ത ഓർഡിനൻസുകൾ പ്രസക്തമാണോ? Article 213 ഉപ വകുപ്പ് 2. എ. അനുസരിച്ച് പുറപ്പെടുവിക്കുന്ന ഓർഡിനൻസ് സഭ സമ്മേളിച്ച് ആറ് ആഴ്ചയ്ക്കുള്ളിൽ ആക്ട് ആക്കാതെ റീ-ഇഷ്യൂ ചെയ്താൽ എമർജൻസി ഇല്ല. ആ കാരണത്താൽ ഒന്നിലധികം തവണ ഇഷ്യൂ ചെയ്തിട്ടുള്ള ഓർഡിനൻസുകളെല്ലാം ഈ സഭയെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ്. അതിനു ഭരണഘടനാ സാധുതയില്ല. ഭരണഘടനയനുസരിച്ച് ഈ സഭയ്ക്കുള്ള പ്രധാന ജോലി ലെജിസ്ലേഷനാണ്. ആ ലെജിസ്ലേഷൻ കാലാകാലങ്ങളിൽ എക്സിക്യൂട്ടീവ് കവർന്നെടുക്കുന്ന നടപടിയാണിത്. ഇങ്ങനെ ഓർഡിനൻസുകൾ റീ—ഇഷ്യൂ ചെയ്യുന്നത് പാർലമെന്ററി ഡെമോക്രസിയെ അപഹാസ്യമാക്കുകയാണ്. അതുകൊണ്ട് ഇതിനൊരു റൂളിംഗ് വേണം.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): ഇത് ഇപ്പോൾ ഇവിടെ പ്രസക്തമല്ല. അതിന് പ്രസക്തമായ സമയം വരുമ്പോൾ ഞാൻ അതിനു മറുപടി പറയാം.

മി. സ്പീക്കർ: ഇവിടെ ഇപ്പോൾ ഓർഡിനൻസിന്റെ പ്രതികം മേശപ്പുറത്തു വയ്ക്കുന്നത് It is a Constitutional requirement. അതാണ് ചെയ്തിട്ടുള്ളത്. ഈ സന്ദർഭത്തിൽ അങ്ങയുടെ പോയിന്റിന് പ്രസക്തിയില്ല. അത് ബിൽ വരുമ്പോൾ കൊണ്ടു വരാവുന്നതാണ്. ഭരണഘടനാ ബാദ്ധ്യത നിറവേറ്റുക മാത്രമേ ചെയ്തിട്ടുള്ളൂ. അതുകൊണ്ട് അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ പ്രസക്തമല്ല.

VI. മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986—ലെ കേരള സിവിൽ കോടതികൾ (ഭേദഗതി) ഓർഡിനൻസ് (1986—ലെ 7—ാം നമ്പർ ഓർഡിനൻസ്)

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986—ലെ കേരള ടോംസ് (ഭേദഗതി) ഓർഡിനൻസ് (1986—ലെ 8—ാം നമ്പർ ഓർഡിനൻസ്).

(2) 1986—ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ഓർഡിനൻസ് (1986—ലെ 12—ാം നമ്പർ ഓർഡിനൻസ്).

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986—ലെ കേരള പണം കടം കൊടുപ്പുകാർ (ഭേദഗതി) ഓർഡിനൻസ് (1986—ലെ 28—ാം നമ്പർ ഓർഡിനൻസ്).

LIBRARY ARCHIVES Kerala Legislative Assembly

(2) 1986–ലെ കേരള അവശ്യ സാധന നിയന്ത്രണ ഓർഡിനൻസ് (1986–ലെ 29–ാം നമ്പർ ഓർഡിനൻസ്) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 75 (2)–ാം ചട്ടപ്രകാരമുള്ള സ്റ്റേറ്റ്മെൻറ് സഹിതം.

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്ബ്): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986–ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമസംഘം (ഭേദഗതി) ഓർഡിനൻസ് (1986–ലെ 10–ാം നമ്പർ ഓർഡിനൻസ്).

(2) 1986–ലെ കേരള സമുദ്ര മൽസ്യബന്ധന റഗുലേഷൻ (ഭേദഗതി) ഓർഡിനൻസ് (1986–ലെ 11–ാം നമ്പർ ഓർഡിനൻസ്).

(3) 1986–ലെ കേരള സമുദ്ര മൽസ്യബന്ധന റഗുലേഷൻ (2–ാം ഭേദഗതി) ഓർഡിനൻസ് (1986–ലെ 32–ാം നമ്പർ ഓർഡിനൻസ്).

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986–ലെ ഗാന്ധിജി സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (1986–ലെ 21–ാം നമ്പർ ഓർഡിനൻസ്).

(2) 1986–ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1986–ലെ 22–ാം നമ്പർ ഓർഡിനൻസ്).

(3) 1986–ലെ കൊച്ചി ശാസ്ത്ര-സാങ്കേതികവിദ്യ സർവകലാശാല ഓർഡിനൻസ് (1986–ലെ 30–ാം നമ്പർ ഓർഡിനൻസ്).

(4) 1986–ലെ കേരള ഗ്രന്ഥശാലാസംഘം (മാനേജ്മെൻറ് ഏറ്റെടുക്കൽ) ഭേദഗതി ഓർഡിനൻസ് (1986–ലെ 31–ാം നമ്പർ ഓർഡിനൻസ്).

(5) 1986–ലെ കേരള അറബിക് സർവ്വീസുകൾ സംരക്ഷണ ഓർഡിനൻസ് (1986–ലെ 36–ാം നമ്പർ ഓർഡിനൻസ്).

(6) 1986–ലെ ഗാന്ധിജി സർവ്വകലാശാല (2–ാം ഭേദഗതി) ഓർഡിനൻസ് (1986–ലെ 37–ാം നമ്പർ ഓർഡിനൻസ്).

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986–ലെ കേരള സർവ്വേ അതിരടയാള (ഭേദഗതി) ഓർഡിനൻസ് (1986–ലെ 20–ാം നമ്പർ ഓർഡിനൻസ്).

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി എം. കമലം): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986–ലെ കേരള സഹകരണസംഘം (ഭേദഗതി) ഓർഡിനൻസ് (1986–ലെ 14–ാം നമ്പർ ഓർഡിനൻസ്).

(2) 1986–ലെ കേരള സഹകരണസംഘം (2–ാം ഭേദഗതി) ഓർഡിനൻസ് (1986–ലെ 18–ാം നമ്പർ ഓർഡിനൻസ്).

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(1) 1986–ലെ കേരള മുനിസിപ്പാലിറ്റി (2–ാം ഭേദഗതി) ഓർഡിനൻസ് (1986–ലെ 5–ാം നമ്പർ ഓർഡിനൻസ്).

(2) 1986–ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ഓർഡിനൻസ് (1986–ലെ 6–ാം നമ്പർ ഓർഡിനൻസ്).

(3) 1986–ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (1986–ലെ 13–ാം നമ്പർ ഓർഡിനൻസ്).

(4) 1986–ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1986–ലെ 16–ാം നമ്പർ ഓർഡിനൻസ്).

(5) 1986–ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (1986–ലെ 24–ാം നമ്പർ ഓർഡിനൻസ്)

(6) 1986–ലെ കേരള നഗരാസൂത്രണ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1986–ലെ 25–ാം നമ്പർ ഓർഡിനൻസ്).

(7) ജലവും മലിനജലവും സംബന്ധിച്ച 1986–ലെ കേരള ഓർഡിനൻസ് (1986–ലെ 27–ാം നമ്പർ ഓർഡിനൻസ്) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 75 (2)–ാം ചട്ടപ്രകാരമുള്ള സ്റ്റേറ്റ്മെന്റ് സഹിതം.

(8) 1986–ലെ കേരള കമാൻഡ് ഏരിയ വികസന ഓർഡിനൻസ് (1986–ലെ 33–ാം നമ്പർ ഓർഡിനൻസ്).

വനം വകുപ്പുമന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ): താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986–ലെ കേരള വന (ഭേദഗതി) ഓർഡിനൻസ് (1986–ലെ 17–ാം നമ്പർ ഓർഡിനൻസ്).

(2) 1986–ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ഓർഡിനൻസ് (1986–ലെ 34–ാം നമ്പർ ഓർഡിനൻസ്).

(3) വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1986–ലെ കേരള ഓർഡിനൻസ് (1986–ലെ 35–ാം നമ്പർ ഓർഡിനൻസ്) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 75 (2)–ാം ചട്ടപ്രകാരമുള്ള സ്റ്റേറ്റ്മെന്റ് സഹിതം.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986–ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ഓർഡിനൻസ് (1986–ലെ 26–ാം നമ്പർ ഓർഡിനൻസ്).

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986–ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (1986–ലെ 23–ാം നമ്പർ ഓർഡിനൻസ്).

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി.എം. സുന്ദരം): സർ, താഴെ പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(1) 1986—ലെ കേരള പഞ്ചായത്ത് (ഭേദഗതി) ഓർഡിനൻസ് (1986—ലെ 4—ാം നമ്പർ ഓർഡിനൻസ്).

(2) 1986—ലെ തിരുവിതാംകൂർ —കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1986—ലെ 19—ാം നമ്പർ ഓർഡിനൻസ്).

കൃഷി വകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986—ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (1986—ലെ 9—ാം നമ്പർ ഓർഡിനൻസ്.)

ട്രാൻസ്പോർട്ടു വകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986—ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി ഓർഡിനൻസ്) 1986—ലെ 9—ാം നമ്പർ ഓർഡിനൻസ്)

ശ്രീ. എം.എം. ഹസ്സൻ: സർ, ഞാൻ ഈ സഭയുടേയും സഭാംഗങ്ങളുടേയും അവകാശലംഘനം നടത്തി എന്ന കുറ്റം ആരോപിച്ചു കൊണ്ട് ഇ.എം.എസ്സിന് എതിരായി ഒരു നോട്ടീസ് നൽകിയിരുന്നു. അതിൽ അങ്ങയുടെ തീരുമാനം എന്തെന്നു വെളിപ്പെടുത്താൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അതിന്റെ സമഗ്രമായ വശങ്ങൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ ശ്രീ. വർക്കല രാധാകൃഷ്ണന്റെ പ്രിവിലേജ് നോട്ടീസും വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

VII. റിപ്പോർട്ട് സമർപ്പണം

(1) ഒന്നാം സബ്ജക്ട് കമ്മിറ്റിയുടെ അഞ്ചാമതു റിപ്പോർട്ട്.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി 1—ന്റെ ചെയർമാനായ ഞാൻ 1986—87—ലേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് അവതരിപ്പിക്കുന്നു.

(2) രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ അഞ്ചാമതു റിപ്പോർട്ട്

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 1986—87—ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചു അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) മൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ അഞ്ചാമതു റിപ്പോർട്ട്

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): ജലസേചനവും വൈദ്യുതിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി മൂന്നിന്റെ ചെയർമാനായ ഞാൻ 1986—87—ലേക്കുള്ള ധനാഭ്യർത്ഥനകളിൻമേലുള്ള പരിശോധന സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമതു റിപ്പോർട്ട് അവതരിപ്പിക്കുന്നു.

GPM. 2/489/09

LIBRARY ARCHIVES Kerala Legislative Assembly